**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 696** 24/01/2018-ൽ മറുപടിയ്ക്ക്

## കേരള ബാങ്ക് രൂപീകരിക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.ഉബൈദുള്ള**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ. അബ്ദുൽ ഹമീദ് പി.**<br>**ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്.ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28.04.2017 ന് റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. റിസർവ്വ് ബാങ്കിന്റെ തത്വത്തിലുള്ള പ്രാഥമികാനുമതി തേടിയിട്ടുണ്ട്. |
| (ബി) | ഉപഭോക്താവിന് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | ഉപഭോക്താവിന് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ നിയന്ത്രണാധികാരികൾക്കു കൂടി സ്വീകാര്യമായ വിധത്തിൽ ആധുനിക ബാങ്കിംഗ് ഇടപാടുകൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | കൂടുതൽ ജനങ്ങളിലേക്ക് സേവനം എത്തിക്കുന്നതിനായി പഞ്ചായത്തുകൾ തോറും പ്രസ്തുത ബാങ്കിന്റെ ശാഖകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ? | (സി) | ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിൽ പൊതുജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**